# ജില്ലാതല അദാലത്ത് സമിതി യോഗം – 11

14/12/2023 ൽ ഓൺലൈൻ ആയി നടന്ന മീറ്റിംഗിൽ പരിഗണിച്ച പരാതികളും ആയതിൻമേൽ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്ന ഉപദേശങ്ങളും ചുവടെ ചേർക്കുന്നു.

പരാതി നം.3

| | | |
|---|---|---|
| പരാതിക്കാരൻറെ പേര് | – | അക്ഷയ്.വി.എസ്, ലളിതം, കിരത്തൂർ.പി.ഒ, കൊല്ലംകോട്. |
| പരാതി വിഷയം | – | ശ്രീമതി. അക്ഷയ.വി.എസ് പണി കഴിപ്പിച്ച താമസാവശ്യത്തിനുള്ള കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നില്ലായെന്നുള്ള പരാതി. |
| സൂചന | – | സിറ്റിസൺ അസിസ്റ്റൻസ് തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി കൺവീനറുടെ ലോഗിനിൽ ലഭിച്ച BPTVM 0167000014 ഡോക്കറ്റ് നമ്പർ പരാതി. |

പരാതിയിൻമേൽ തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിക്ക് നൽകുന്ന ഉപദേശം

തിരുവനന്തപുരം നഗരസഭയിലെ പാപ്പനംകോട് വാർഡിൽ 33/16-16 സർവ്വേനമ്പറിൽ ഉൾപ്പെട്ട 1 ആർ 21 ച.മീ പുരയിടത്തിൽ ശ്രീമതി. അക്ഷയ.വി.എസ് പണി കഴിപ്പിച്ച താമസാവശ്യത്തിനുള്ള കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നില്ലായെന്നുള്ള പരാതി അദാലത്തിൽ പരിഗണിച്ചു. പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തുകയുണ്ടായി. പ്രസ്തുത വസ്തുവിൽ ground floor, first floor, stair room എന്നിവയോട്ടുകൂടിയ ഒരു residential building നിലവിലുണ്ട്. ടി കെട്ടിടത്തിന്റെ first floor roof-ൽ stair room നോട്ട ചേർന്ന് ഒരു room കൂടി നിർമ്മിച്ചിരിക്കുന്നു. കൂടാതെ പ്രസ്തുത കെട്ടിടത്തിന്റെ വലതുവശം ഒരു door നൽകിയിരിക്കുനന്നു. KMBR 2019 ചട്ടം 26(10) പ്രകാരം DOOR നൽകുന്ന വശത്ത് ആ ഭാഗത്തെ അതിരിൽ നിന്നും കുറഞ്ഞത് 1 മീറ്റർ setback മാത്രമാണ് ലഭ്യമാകുന്നത്. ഈ ഭാഗത്ത് 26(10) ൽ നിഷ്കർഷിച്ചിരിക്കുന്ന അളവുകൾക്ക് ഉപരിയായിട്ടുള്ള പ്രൊജക്ഷൻസും കാണുന്നു. ടി ഭാഗത്ത് അയൽപക്കത്തെ ഭൂവുടമയിൽ നിന്നും consent letter ലഭിച്ചിട്ടുണ്ടെങ്കിലും stair room നോട് കൂടിച്ചേർത്ത് ഒരു റൂം നിർമ്മിച്ചിരിക്കുന്നതിന്റെ ഫലമായി കെട്ടിടത്തിന് 7 മീറ്ററിൽ കൂടുതൽ ഉയരം ഉണ്ടായതിനാൽ ടി സമ്മതപത്രം പരിഗണിക്കാൻ സാധ്യമല്ലായെന്നു കാണുന്നു.

മേൽ വസ്തുതകൾ പരിഗണിച്ച് കെട്ടിടത്തിന് നമ്പർ ലഭ്യമാകുന്നതിന് അനുയോജ്യമായ രീതിയിൽ കെട്ടിടനിർമ്മാണത്തിലുണ്ടായ അപാകതകൾ പരിഹരിക്കുന്നതിന് അപേക്ഷകന് നോട്ടീസ് നൽകുന്നതിനും നിയമാനുസൃത

തുടർനടപടികൾ സ്വീകരിക്കുന്നതിനും കോർപ്പറേഷൻ സെക്രട്ടറിയോട് ഉപദേശിച്ച തീരുമാനിച്ചു.

SHAJI CLEMENT
PD
JOINT DIRECTOR
LOCAL SELF GOVT. DEPARTMENT
CIVIL STATION
THIRUVANANTHAPURAM

തിരുവനന്തപുരം
പിൻ.695043

JYOTHIS.V
ASSISTANT DIRECTOR-1
OFFICE OF THE JOINT DIRECTOR
LOCAL SELF GOVT. DEPARTMENT
THIRUVANANTHAPURAM